TRACT No : SH - 5

# “സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട!”

നമ്മുടെ നിത്യജീവിതത്തിൽ നാം കേൾക്കാറുള്ളതാണ് ‘സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട’ എന്നത്. വഴുവഴുപ്പുള്ള സ്ഥലങ്ങളിലൂടെ സൂക്ഷിക്കാതെ നടന്നാൽ, വളവും തിരിവും കയറ്റവും ഇറക്കവുമുള്ള പ്രദേശങ്ങളിലൂടെ സൂക്ഷിക്കാതെ വാഹനം ഓടിച്ചാൽ, വിദ്യുച്ഛക്തി സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലായെങ്കിൽ അപകടങ്ങളുണ്ടാകും. വിദ്യാഭ്യാസകാലത്ത് ശരിയായി പഠിക്കാതെ ആകാത്ത കൂട്ടുകാരുമായി നടന്നാൽ, വരുമാനത്തിനനുസരിച്ച് ബുദ്ധിപൂർവ്വം ജീവിച്ചില്ലായെങ്കിൽ, വിലയേറിയ സാധനങ്ങൾ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലായെങ്കിൽ, കഷ്ടനഷ്ടങ്ങളുണ്ടായി ദുഃഖിക്കേണ്ടിവരും. ഈവിധം ദൈനംദിന ജീവിതത്തിൽ എത്രയെത്ര കാര്യങ്ങളാണ് സൂക്ഷിച്ചില്ലായെങ്കിൽ ദുഃഖിക്കേണ്ടതായി വരുന്നത്. അതുപോലെ തന്നെ ദൈവീകകാര്യങ്ങൾക്കും യാതൊരു ശ്രദ്ധയും കാഴ്ചപ്പാടും ഇല്ലാതെ ജീവിച്ചാൽ മരണം കഴിഞ്ഞുള്ള നിത്യതയിൽ എന്നെന്നേക്കുമായി ദുഃഖിക്കേണ്ടിവരും.വിശുദ്ധ ബൈബിൾ പറയുന്നു: *“ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം?”*(മത്തായി.16:26). അതായത് മനുഷ്യന്റെ ആത്മാവിന് ദൈവം കാണുന്ന വില സർവ്വലോകത്തിന്റെ വിലയേക്കാളും അതീതമത്രേ. എങ്കിൽ നാം എത്രമാത്രം കരുതലോടെ സൂക്ഷിച്ചു ജീവിക്കേണ്ടതാകുന്നു.

ദൈവത്തെക്കുറിച്ച് ചിന്തിക്കാതെ ആത്മാവിന്റെ രക്ഷയ്ക്കായി കരുതിക്കൊള്ളാതെ, തന്റേതായ കാര്യങ്ങൾ മാത്രം ചിന്തിച്ച് സുഖിച്ചു ജീവിച്ച ഒരു ധനവാനായ മനുഷ്യനെ വിശുദ്ധ ബൈബിളിൽ (ലൂക്കൊസ് 12:16—21) കാണുന്നു: ധനവാനായ ആ മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. തുടർന്ന് ധനവാൻ പറയുന്നു: *“ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരാ... ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ചു അധികം വലിയവ പണിതു എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവെക്കും. എന്നിട്ട് എന്നോടു തന്നേ; നിനക്കു ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവെച്ചിരിക്കുന്നു: ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക.”* ഈ ധനവാനെ ഒന്നു ശ്രദ്ധിക്കൂ: അയാളുടെ ചിന്ത എന്റെ വിളവു, എന്റെ കളപ്പുര, എന്റെ വസ്തുവക... എന്നാണ്. മറ്റുള്ളവരെപ്പറ്റിയോ ദൈവത്തെക്കുറിച്ചോ ചിന്തിക്കുന്നതേയില്ല. അവന് ധാരാളം ധനം ഉണ്ടായിരുന്നു; പക്ഷേ ദൈവം ഇല്ലായിരുന്നു. ഈ ലോകത്തിനപ്പുറത്തുള്ള ജീവിതം അവന്റെ ചിന്താപരിധിയിൽ ഇല്ലേയില്ല. ഇന്ന് നമുക്കു ചുറ്റും ലോകത്തിൽ കാണുന്ന ഒരു ചിത്രമല്ലേ ഇത്? കണ്ണിന് ഇമ്പമായതേതും സ്വന്തമാക്കാൻ മനുഷ്യൻ ഓടുന്നു, അദ്ധ്വാനിക്കുന്നു. ഈ പരക്കംപാച്ചിലിൽ ദൈവത്തെ മറക്കുന്നു. അതിനായി സമയമേയില്ല. എന്നാൽ ധനവാനെയും അങ്ങനെയുള്ളവരെയും കുറിച്ച് ദൈവം പറയുന്നത് ശ്രദ്ധിക്കുക: *“മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും; പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും?... ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു.”(ലൂക്കൊസ്.12:20,21)*

[മറുപുറം]

പ്രിയ മിത്രമേ, ഒരു നിമിഷം താങ്കളുടെ ജീവിതത്തെ പരിശോധിക്കുമോ? മൂഢനായ ധനവാനെപ്പോലെ ലോകചിന്തകളുമായി കഴിയുകയാണോ? തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതാണോ ലക്ഷ്യം? ദൈവകാര്യങ്ങളിൽ ശ്രദ്ധവെക്കാറുണ്ടോ? **മരണാനന്തരമുള്ള ജീവിതം സ്വർഗ്ഗത്തിലായിരിക്കുമോ?** അതിനുള്ള യോഗ്യത നേടിയിട്ടുണ്ടോ? ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ എന്ന് ദൈവം താങ്കളെ വിളിക്കുമോ? ഓർക്കുക മരണാനന്തരം ഒരു നിത്യതയുണ്ട്; അതിനായി ഒരുങ്ങി, കരുതി ജീവിച്ചില്ലായെങ്കിൽ നിത്യനാശത്തിൽ ചെന്നകപ്പെട്ടു എന്നെന്നേക്കുമായി ദുഃഖിക്കേണ്ടിവരും.

ദൈവവചനമായ ബൈബിൾ പറയുന്നു: *“ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു.”(റോമ. 3:23) “അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോകും”(ലൂക്കൊസ്.13:3).* മനുഷ്യനു നഷ്ടപ്പെട്ട തേജസ്സ് നൽകുവാൻ, പാപം മോചിക്കുവാൻ, നാശത്തിൽ നിന്നു വീണ്ടെടുക്കുവാൻ കർത്താവായ യേശുക്രിസ്തു ലോകത്തിലേക്കു വന്നു. താങ്കൾ ഏത് ജാതിയിലോ, മതത്തിലോ, സഭയിലോ ആകട്ടെ, ധനവാനോ ദരിദ്രനോ, ആരോഗ്യമുള്ളവനോ, രോഗിയോ, നല്ലവനോ, ദോഷിയോ ആകട്ടെ ദൈവം താങ്കളെ സ്നേഹിക്കുന്നു; ദൈവമകൻ ആകുവാൻ ആഗ്രഹിക്കുന്നു. ദൈവമകനാകണം, സ്വർഗ്ഗത്തിൽ പോകണം, നിത്യജീവൻ ലഭിക്കണം എന്ന് ആത്മാർത്ഥമായി ആഗ്രഹമുണ്ടെങ്കിൽ ഇപ്പോൾ ഈ നിമിഷം തന്നെ അത് സാധിക്കാം. അതിനായി ഈ അപേക്ഷ ദൈവത്തോടു വിശ്വാസത്തോടെ പ്രാർത്ഥിക്കുക — *“യേശുകർത്താവേ, ഞാൻ ഒരു പാപിയാണെന്നു മനസ്സിലാക്കുന്നു. അങ്ങ് എന്നെയും രക്ഷിപ്പാനായി ലോകത്തിൽ വന്നു കുരിശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങളെ ക്ഷമിച്ചു ശുദ്ധീകരിച്ച് ദൈവമകനാക്കേണമേ. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. ഇനിയുള്ള എന്റെ ജീവിതം അങ്ങയിൽ സമർപ്പിച്ച് തുടരുവാൻ ഞാൻ തീരുമാനിക്കുന്നു.”*

പ്രിയ മിത്രമേ, ഈ പ്രാർത്ഥന വിശ്വാസത്തോടെ പ്രാർത്ഥിച്ചുവെങ്കിൽ, താങ്കൾ ദൈവദൃഷ്ടിയിൽ ബുദ്ധിമാനും സ്വർഗ്ഗത്തിനവകാശിയും ആയിരിക്കുന്നു. നിത്യനരകശിക്ഷയിൽ നിന്നും വിടുതലും,ലോകത്തിൽ കരുതലോടെ ജീവിക്കുവാൻ ദൈവകൃപയും ലഭിച്ചിരിക്കുന്നു. സകല നന്മകളാലും തുടർന്ന് ദൈവം താങ്കളെ അനുഗ്രഹിക്കയും, വഴിനടത്തുകയും ചെയ്യുമാറാകട്ടെ.

“ സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട, കരുതലോടെ ജീവിക്കാം.”

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion, Aradhana Nagar - 22
Behind Sanker’s Hospital,
Kollam - 691 001

*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)*

Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com